"ഭരണഭാഷ - മാതൃഭാഷ"

നം:-ഡിജിഇ/21311/2025/എ3

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 05-11-2025

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ അസിസ്റ്റന്റ്മാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് 01.01.2026 തീയതി പ്രാബല്യത്തിൽ തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 05.07.2023-ലെ സി4/146/2023 പൊ.വി.വ നമ്പർ സർക്കാർ കത്ത്.
2. 11.03.2025-ലെ വാല്യം 14, നമ്പർ 10, ഗസറ്റ് നോട്ടിഫിക്കേഷൻ.
3. 09.10.2025, 31/10/2025 എന്നീ തീയതികളിലെ ഡിജിഇ/20993/2025/ഡി6 നമ്പർ അനൌദ്യോഗികകുറിപ്പ്.

*****

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സംയോജിത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി പ്രസ്തുത സീനിയോരിറ്റി പട്ടിക പുതുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന (1) പ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ജോലി ചെയ്തു വരുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി പട്ടിക 01.01.2026 പ്രാബല്യത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2025 മുതൽ 31.12.2025 വരെ അഡ്വൈസ് ലഭിച്ച എല്ലാ എച്ച്.എസ്.എ.-മാരുടെയും സർവീസ് വിവരങ്ങൾ ക്രോഡീകരിച്ച്, ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള** EXCEL FORMAT-**ൽ** 20.01.2026-**ന് മുൻപായി ഈ കാര്യാലയത്തിലെ** supdta.dge@kerala.gov.in **എന്ന ഇ-മെയിൽ വിലാസത്തിൽ മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ** 01.01.2025 **തീയതിയിൽ അന്തിമപ്പെടുത്തി പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിനൊപ്പം** PEN, Whether belongs to SC/ST, Total Qualifying Service in HST, Whether department test passed or not (including KER) **എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.** സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചുവടെ പറയുന്ന നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി പട്ടികയിൽ ഉണ്ടായിട്ടുള്ള എല്ലാ അപാകതകളും (പേര്, ജനനതീയതി, അഡ്വൈസ് തീയതി, നിയമന ഉത്തരവിലെ

തീയതി എന്നിവയിലെ തെറ്റുകൾ സീനിയോരിറ്റി ക്രമീകരണങ്ങൾ സംബന്ധിച്ച തെറ്റുകൾ തുടങ്ങിയവ) തിരുത്തുന്നതിന് ടി അദ്ധ്യാപകരുടെ അപേക്ഷകൾ വിദ്യാഭ്യാസ ഉപ ഡയറക്ടർ തലത്തിൽ യഥാസമയം സ്വീകരിച്ച്, സേവനപുസ്തകം സഹിതം കൃത്യമായി പരിശോധിച്ച്, ഒന്നിൽ കൂടുതൽ **അപേക്ഷകൾ ഉണ്ടെങ്കിൽ ആയത് ക്രോഡീകരിച്ച് വ്യക്തമായ ശുപാർശ സഹിതം ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമ (ബി) മാതൃകയിൽ EXCEL FORMAT-ൽ യഥാസമയം മെയിൽ ചെയ്യേണ്ടതും ഇൻട്ര ഓഫീസ് വഴി അയയ്ക്കേണ്ടതും ആണ്.**

2. പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.റ്റി. തസ്തികയിൽ നിന്നും നിയമാനുസൃതം വിടുതൽ വാങ്ങി എച്ച്.എസ്.എസ്.റ്റി. തസ്തികയിൽ ബൈ പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച് ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തിരികെ മാതൃതസ്തികയിൽ തിരികെ പ്രവേശിച്ച അദ്ധ്യാപകരെ എച്ച്.എസ്.എ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത അദ്ധ്യാപകരുടെ സേവനവിവരങ്ങൾ KS&SSR Part II Rule 8 note 3 ലെ വ്യവസ്ഥകൾ പ്രകാരം ആണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം പ്രോഫോർമയിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
3. കന്നട ഔട്ട് ഓഫ് ടേൺ പ്രോമോഷൻ വഴി എച്ച്. എം. ആയി തുടരുന്ന അദ്ധ്യാപകരെ ഈ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത അധ്യാപകരുടെ സേവന വിവരങ്ങൾ പരിശോധിച്ച് ക്രോഡീകരിച്ച് EXCEL FORMAT-ൽ പ്രൊഫോർമ (എ) യിൽ നൽകേണ്ടതാണ്.
4. 01.01.2025 മുതൽ 31.12.2025 വരെ അഡ്വൈസ് ലഭിച്ച എല്ലാ എച്ച്.എസ്.എ അദ്ധ്യാപകരുടെയും സർവീസ് വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സേവനപുസ്തകവുമായി ഒത്തു നോക്കി **എച്ച്.എസ്.എ തസ്തികയിൽ നിയമനം ലഭിച്ച ഉത്തരവ് (പി.എസ്.സി നിയമന ശിപാർശ, പ്രോമോഷൻ, ആശ്രിത നിയമനം, അന്തർജില്ല സ്ഥലംമാറ്റം തുടങ്ങിയവ) കൃത്യമായി പരിശോധിച്ച് തീയതി വ്യക്തമായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.**
5. വിരമിച്ചവർ, മറ്റു തസ്തികയിൽ നിയമനം ലഭിച്ച് പോയവർ, പ്രൊമോഷൻ ലഭിച്ചവർ എന്നിവരെ ഈ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
6. അന്യത്ര സേവനം, ശൂന്യവേതന അവധി എന്നിവയിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകരുടെ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശേഖരിച്ച് ക്രോഡീകരിച്ച് EXCEL FORMAT-ൽ പ്രൊഫോർമ (എ) യിൽ നൽകേണ്ടതാണ്.
7. പ്രൊഫോർമ (എ), പ്രൊഫോർമ (ബി) എന്നിവയിലെ എല്ലാ കോളങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതും പ്രൊഫോർമകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മേലൊപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.
8. അദ്ധ്യാപകർ സമർപ്പിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ആയത് പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് **ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ചുമതലയാണ്. സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന എല്ലാ അപാകതകൾക്കും ബന്ധപ്പെട്ട വിദ്യാഭ്യാസ**

**ഉപഡയറക്ടർമാർ മാത്രമായിരിക്കും ഉത്തരവാദി എന്ന് ഓർമ്മിപ്പിക്കുന്നു.** ആയതിനാൽ അദ്ധ്യാപകർ സമർപ്പിക്കുന്ന രേഖകൾ സേവനപുസ്തകവുമായി ഒത്തുനോക്കി വ്യക്തമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി സമർപ്പിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പെൻ 101614**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**(ഗവ. അഡീഷണൽ സെക്രട്ടറി)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താക്കൾ:**

1.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2.എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3.ഡയറക്ടർ, സമഗ്ര ശിക്ഷ കേരളം, തിരുവനന്തപുരം.
4.ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം.
5.എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,
6.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
7.എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും
8.ഓഫീസ് കോപ്പി/കരുതൽ ഫയൽ

| Rank No. | Name | PEN | Subject | Date of Birth | SC/ST | Date of Joining Duty in HST & Total Qualifying Service in HST as on 01.01.2026 | Date of Reckoned for Seniority | PSC Adv.Sl. No. PROM/CES/SR-DC | Mode of Appointment, Revenue District | Order No of PSC Adv/PROM/IDT/CED/SR-DC | Whether department test pass or not (including KER) |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

DEPUTY DIRECTOR OF EDUCATION

| Rank No. | PEN | Name | Subject | Date of Birth | Date of Joining Duty | Date of Reckoned for Seniority | P S C Adv: SI. No.(PSC/PROM/CES/SR) | Rev: Dist: | Mode of Appointment(PSC/PROM/CES/SR) | ORDER NO OF PSC Adv/PROM/IDT/CES/SR-DC |
|---|---|---|---|---|---|---|---|---|---|---|
| NUMBERS ONLY | NUMBERS ONLY | CAPITAL LR ONLY | NAME OF SUB ONLY | dd-mmm-yyyy | dd-mmm-yyyy | dd-mmm-yyyy | NUMBERS ONLY | NAME OF DIST | PSC/PROM/CES/SR) | ORDER NO &DATE |
| | | | ENGLISH | | | | | | | |
| | | | MALAYALAM | | | | | | | |
| | | | HINDI | | | | | | | |
| | | | MATHEMATICS | | | | | | | |
| | | | NATURAL SCIENE | | | | | | | |
| | | | PHYSICAL SCIENCE | | | | | | | |
| | | | ARABIC | | | | | | | |
| | | | URDU | | | | | | | |
| | | | TAMIL | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

**DEPUTY DIRECTOR OF EDUCATION**

PERFORMA (B)

| Rank No. IN HST SY LIST 2025 | PEN | Name | Subject | Date of Birth | Date of Reckoned for Seniority | CORRECTION IN HST SY LIST 2025 | CORRECTION REQUIRED |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

**DEPUTY DIRECTOR OF EDUCATION**